**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **10-02-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം ഒരുവർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മലപ്പുറം മണ്ഡലത്തിലെ പുൽപറ്റ കേന്ദ്രം ഉൾപ്പെടെ ജില്ലയിൽ എത്ര നെയ്ത്ത് കേന്ദ്രങ്ങളും തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനു കീഴിൽ പുൽപറ്റ ഉൾപ്പെടെ ആകെ ഏഴ് ഖാദി നെയ്ത്തു കേന്ദ്രങ്ങളിലായി മൊത്തം 45 നെയ്ത്തു തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു.<br><br>പുൽപറ്റ ഉൾപ്പെടെയുള്ള മലപ്പുറം മണ്ഡലത്തിൽ കൈത്തറി വകുപ്പിനു കീഴിൽ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ മലപ്പുറം ജില്ലയിൽ നിലവിൽ 2 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നു. ആകെ 27 കൈത്തറി നെയ്ത്തു തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | വേതനം വൈകുന്നത് പാവപ്പെട്ട തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന സാഹചര്യത്തിൽ ഇവരുടെ മിനിമം വേതനം കുടിശ്ശികയടക്കം തീർത്തു നൽകുന്നതിനു നടപടി സ്വീകരിക്കാമോ? | (സി) | മലപ്പുറം ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനു കീഴിലുള്ള ഉല്പാദന കേന്ദ്രങ്ങളിലെ ഖാദി നെയ്ത്ത് തൊഴിലാളികൾക്ക് 2023 ഡിസംബർ മാസം വരെയുള്ള കാലയളവിലെ മിനിമം വേതനമാണ് വിതരണം ചെയ്തിട്ടുള്ളത്. തുടർന്നുള്ള ഏഴ് മാസത്തെ മിനിമം വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വരുമാന താങ്ങ് പദ്ധതിയായാണ് ഖാദി നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം അനുവദിക്കുന്നത്. നെയ്ത്തിന് അഖിലേന്ത്യാ ഖാദി കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ചാർട്ടിന് ആനുപാതികമായ കൂലിയാണ് ഖാദി നെയ്ത്ത് തൊഴിലാളികൾക്ക് നൽകി വരുന്നത്.<br><br>കൈത്തറി നെയ്ത്ത് തൊഴിലാളികൾക്കായി പ്രതിദിനം മിനിമം 150 രൂപയിൽ കുറയാതെ വർഷത്തിൽ 100 |

| | | | |
|---|---|---|---|
| | | | തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്ന ഇൻകം സപ്പോർട്ട് സ്കീം ആണ് നിലവിലുള്ളത്. ഈ സ്കീമിൽ നിലവിൽ മലപ്പുറം ജില്ലയിൽ അപേക്ഷകരില്ല. |

സെക്ഷൻ ഓഫീസർ